**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ:**dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
തിരുവനന്തപുരം

| | |
|---|---|
| വിഷയം: | ആരോഗ്യവകുപ്പിൽ സ്പെഷാലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർ മാരുടെ 2017 -ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ (31.12.2016 വരെ സർവീസിൽ പ്രവേശിച്ചവരുടെയും പി ജി ഡിഗ്രി / ഡിപ്ലോമ യോഗ്യത നേടിയവരുടെ ലിസ്റ്റ് ) ഇ എൻ റ്റി വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തികരിചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ ( ലിസ്റ്റ് -II ) സീനിയോറിറ്റി നമ്പർ - 25 ആയി ഉൾപ്പെട്ട ഡോ.അന്ന രാജൻ -നെ ടി സീനിയോറിറ്റി പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അന്തിമ ഉത്തരവാകുന്നത് സംബ . |
| പരാമർശം : | 1. ജി .ഒ (പി) നം .69/2010/ആ .വ .ഡ തീയതി .17.02.2010.<br>2. ഉത്തരവ് നം .ഇഎസ് -7/(HR Cell) -1288/2017/DHS തീയതി . 21.04.2017.<br>3. ഡോ . അന്ന രാജൻ സമർപ്പിച്ച അപേക്ഷ തീയതി .<br>4. ഇ എസ് -7/10714/2024/ആ.വ .ഡ തീയതി .25.05.2024. |

**ഉത്തരവ് നം .ഇഎസ്7/12689/2023/ആ.വ.ഡ(10)തീയതി.21-11-2024**

ആരോഗ്യവകുപ്പിൽ സ്പെഷാലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2017 -ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ (31.12.2016 വരെ സർവീസിൽ പ്രവേശിച്ചവരുടെയും പി ജി ഡിഗ്രി / ഡിപ്ലോമ യോഗ്യത നേടിയവരുടെ ലിസ്റ്റ്) ഇ എൻ റ്റി വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തികരിചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ ( ലിസ്റ്റ് -II ) സീനിയോറിറ്റി നമ്പർ - 25 ആയി ഉൾപ്പെട്ടയാളാണ് ഡോ.അന്ന രാജൻ. ടിയാരി സീനിയോറിറ്റി ലിസ്റ്റിലെ തന്റെ സ്ഥാനം പ്രൊബേഷൻ പൂർത്തിയാക്കാത്തവരുടെ ലിസ്റ്റിൽ ( ലിസ്റ്റ്-II) നിന്നും പ്രൊബേഷൻ പൂർത്തികരിച്ചവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-I) ലേക്ക് മാറ്റുന്നതിനായി 16/04/2024-ന് സമർപ്പിച്ച അപേക്ഷക്കൊപ്പമുള്ള അസിസ്റ്റൻറ് സർജൻ കേഡറിലെ

പ്രൊബേഷൻ പൂർത്തികരിച്ച ഉത്തരവിൽ 26.04.2016-ന് സർവീസിൽ പ്രവേശിച്ചെങ്കിലും 07.05.2020 മുതൽ പുതിയ പ്രവേശകയായാണ് കണക്കാക്കിട്ടുള്ളത് . ജി . ഒ ( ആർ . റ്റി ) നം.1207/2018/H&FWD തീയതി .13.04.2018 പ്രകാരം പഠനാവിശ്യത്തിനായി LWA Appendix XII B Part -I KSR പ്രകാരം 16.04.2017 മുതൽ 15.04.2019 വരെ അനുവദിച്ചിട്ടുണ്ട് . ആയതിൽ മുൻകാല സർവീസ് യാതൊരു ആനുകൂല്യങ്ങൾക്കും പരിഗണിക്കുകയില്ല എന്നും , ലീവ് കഴിഞ്ഞു സർവീസിൽ പ്രവേശിക്കുബോൾ ടി പോസ്റ്റിൽ പുതിയ പ്രവേശകയായിരിക്കും എന്നും പരമാർശിച്ചിട്ടുണ്ട് . കൂടാതെ സ .ഉ ( സാ ധാ ) നം . 256/2024/H&FWD Dated.31.01.2024 പ്രകാരമുള്ള ഉത്തരവിൽ പഠനാവിശ്യത്തിനായി 21.10.2019 മുതൽ 25.03.2020 വരെ ടി കാലയളവ് യാതൊരു സേവനാനുകൂല്യങ്ങൾക്കും പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ Appendix XII B Part -I KSR പ്രകാരം LWA അനുവദിച്ചു ഉത്തരവായിരുന്നു . അവദികഴിഞ്ഞു ജോലിയിൽ പുനഃപ്രവേശിക്കുമ്പോൾ ടിയാളെ ഒരു പുതിയ ജീവനക്കാരിയായി മാത്രമേ പരിഗണിക്കുകയുള്ളൂ എന്നും Appendix XII B Part -I KSR പ്രകാരമുള്ള അവധികൾക്കൊപ്പം മറ്റ് അവധികൾ ചേർത്ത് എടുക്കാൻ വ്യവസ്ഥ ഇല്ലാത്തതിനാൽ ടിയാൾ സർവീസിൽ നിന്നും വിട്ടു നിന്ന 26.03.2020 മുതൽ 06.05.2020 വരെയുള്ള കാലയാളവുകൾ മുൻകാല സർവീസ് നഷ്ടമാകുംവിധം നോൺ ഡ്യൂട്ടി ആയും ക്രമീകരിച്ചിട്ടുണ്ട് . ടി രണ്ട് സർക്കാർ ഉത്തരവിലും മുൻകാല സർവീസ് യാതൊരു ആനുകൂല്യങ്ങൾക്കും പരിഗണിക്കുകയില്ല എന്നും , ലീവ് കഴിഞ്ഞു സർവീസിൽ പ്രവേശിക്കുമ്പോൾ ടി പോസ്റ്റിൽ പുതിയ പ്രവേശകയായിരിക്കും എന്ന് വ്യക്തമാക്കിട്ടുണ്ട് . ടി വിവരം പരാമർശം 4 പ്രകാരം അപേക്ഷകയെ അറിയിച്ചിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ പരാമർശം 2 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഡോ.അന്ന രാജൻ.-നെ നീക്കംചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

Signed by
Reena K J
Date: 21-11-2024 09:03:25

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്
വ്യക്തിക്ക് (ആരോഗ്യ വകുപ്പ് വെബ്സൈറ്റ് മുഖേന )
പകർപ്പ്
1.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യ വകുപ്പ് വെബ്സൈറ്റ് മുഖേന )
2. ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് ( " )
3. സീനിയർ സൂപ്രണ്ട് ഇ എ സെക്ഷൻ
4. ഫയൽ കരുതൽ ഫയൽ

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ-695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആരോഗ്യവകുപ്പിൽ സ്പെഷാലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരിൽ ഇ എൻ റ്റി വിഭാഗക്കാരുടെ 2014 - ലെ പുതുക്കിയ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ ( 31 .12.2013 വരെ പി ജി ഡിഗ്രി യോഗ്യത നേടിയവരുടെ ലിസ്റ്റ്) പ്രൊബേഷൻ പൂർത്തികരിചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ ( ലിസ്റ്റ് -I I ) സീനിയോറിറ്റി നമ്പർ -15 ആയി ഉൾപ്പെട്ട ഡോ.ജ്യോതി മെറിൻ ജോൺസൺ-നെ ടി സീനിയോറിറ്റി പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അന്തിമ ഉത്തരവാകുന്നത് സംബ .

പരാമർശം :
1. ജി . ഒ (പി) നം . 69/2010/ആ . വ . ഡ തീയതി . 17.02.2010.
2. Order No. Es-7(HR Cell)-20523/2017/DHS Dated. 29.01.2018.
3. എ 1 /20641/2023/ഡി എം ഒ തിരുവനന്തപുരം തീയതി . 18.12.2023.
4.ഇ എസ് -7/4542/2024/ആ. വ . ഡ തീയതി . 02.03.2024.

<u>ഉത്തരവ് നം .ഇഎസ്7/12689/2023ആ.വ.ഡ(26)തീയതി.21-11-2024</u>

ആരോഗ്യവകുപ്പിൽ സ്പെഷാലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരിൽ ഇ എൻ റ്റി വിഭാഗക്കാരുടെ 2014 -ലെ പുതുക്കിയ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ (31.12.2013 വരെ പി ജി ഡിഗ്രി യോഗ്യത നേടിയവരുടെ ലിസ്റ്റ്) പ്രൊബേഷൻ പൂർത്തികരിചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-II) സീനിയോറിറ്റി നമ്പർ -15 ആയി ഉൾപ്പെട്ടയാളാണ് ഡോ.ജ്യോതി മെറിൻ ജോൺസൺ . ടിയാൾ 16.07.2013- ൽ സർവീസിൽ പ്രവേശിച്ചതായും 30.06.2013-ൽ പി ജി ബിരുദം നേടിയതായും സീനിയോറിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിട്ടുണ്ട് . എന്നാൽ സീനിയോറിറ്റി ലിസ്റ്റിലെ തന്റെ സ്ഥാനം പ്രൊബേഷൻ പൂർത്തിയാക്കാത്തവരുടെ ലിസ്റ്റിൽ ( ലിസ്റ്റ് -II) നിന്നും പ്രൊബേഷൻ പൂർത്തികരിച്ചവരുടെ ലിസ്റ്റിൽ ( ലിസ്റ്റ് -I) ലേക്ക് മാറ്റുന്നതിനായി പരാമർശം 3 പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷക്കൊപ്പമുള്ള അസിസ്റ്റൻറ് സർജൻ

കേഡറിലെ പ്രൊബേഷൻ പൂർത്തികരിച്ച ഉത്തരവിൽ **27.10.2016** --ന് സർവീസിൽ പ്രവേശിച്ചതായി രേഖപ്പെടുത്തിട്ടുണ്ട് . **31.10.2015** മുതൽ **26.10.2016** വരെ സർവീസിൽ നിന്ന് അനധികൃതമായി വിട്ടുനിന്നതിനാൽ ടിയാൾക്കെതിരെ അച്ചടക്കനടപടി ആരംഭിക്കുകയും പിന്നീട് ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടയുവാനും പുന :പ്രവേശിച്ചതീയതിയായ **27.10.2016** മുതൽ സർവീസിൽ പുതുതായി പ്രവേശിച്ചതായി കണക്കാക്കുവാനും തിരുമാനിച്ചാണ് അച്ചടക്കനടപടി പൂർത്തികരിച്ചിട്ടുള്ളത് . ഇത് സംബന്ധിച്ച വിശദവിവരം പരാമർശം 4 പ്രകാരം അപേക്ഷകയെ അറിയിച്ചിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ ടി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ ഡോ.ജ്യോതി മെറിൻ ജോൺസൺ - ന് അർഹതയില്ല. അതിനാൽ പരാമർശം 2 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഡോ.ജ്യോതി മെറിൻ ജോൺസൺ-നെ നീക്കംചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

Signed by
Reena K J
Date: 21-11-2024 09:31:35

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്
വ്യക്തിക്ക് (ആരോഗ്യ വകുപ്പ് വെബ്സൈറ്റ് മുഖേന )
പകർപ്പ്
1.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യ വകുപ്പ് വെബ്സൈറ്റ് മുഖേന )
2. ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് ( " )
3. സീനിയർ സൂപ്രണ്ട് ഇ എ സെക്ഷൻ
4. ഫയൽ കരുതൽ ഫയൽ